**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2407 17.08.2017 ന് മറുപടിയ്ക്ക്.

**<u>കാട്ടുപന്നികൾ കാരണമുള്ള ആളപായങ്ങൾക്ക് ധനസഹായം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.ബാബു | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാട്ടുപന്നികൾ നാട്ടിൻപുറങ്ങളിൽ ഇറങ്ങി കൃഷിനാശവും ആളപായവും വരുത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നെന്മാറ നിയോജകമണ്ഡലത്തിൽ വാഹനങ്ങൾക്ക് കുറുകെ പന്നികൾ ചാടി ഉണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും, എത്ര ആളുകൾക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) നെന്മാറ നിയോജകമണ്ഡലത്തിൽ 2016, 2017 വർഷങ്ങളിൽ വാഹനങ്ങൾക്ക് കുറുകെ പന്നികൾ ചാടി യാത്രക്കാർക്ക് പരിക്ക് പറ്റിയതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പന്നികൾ വാഹനത്തിന് കുറുകെ ചാടി യാത്രക്കാർ മരണപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടില്ല. |
| (സി) ഇവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (സി)മേൽപ്പറഞ്ഞ അപേക്ഷകളിൽ ഒരാൾക്ക് 4857/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. 2 അപേക്ഷകൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ നിരസിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു അപേക്ഷകന് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Latheesh

സെക്ഷൻ ഓഫീസർ